# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3431

14/03/2017 ൽ മറുപടിക്ക്

### മിനിസ്റ്റീരിയൽ ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴി നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം.രാജഗോപാലൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) വിദ്യാഭ്യാസ വകുപ്പിന്റെ മിനിസ്റ്റീരിയൽ ജീവനക്കാരിൽ ഹൈസ്കൂൾ അധ്യാപക യോഗ്യതയുള്ളവർക്കായി തസ്തികമാറ്റം വഴി അധ്യാപക നിയമനം നടത്തുന്നതിന് വാർഷിക വിജ്ഞാപനം പുറപ്പെടുവിക്കാൻ 2012 ഫെബ്രുവരി മാസം 20-ാം തീയതിയിലെ പി.എസ്.സി. യോഗത്തിൽ തീരുമാന മുണ്ടായിട്ടുണ്ടോ; | (എ) ഉണ്ട്. വർഷത്തിലൊരിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഒഴിവുകളുടെ എണ്ണവും അനുപാതവും നിജപ്പെടുത്തിയ ശേഷം പൊതു വിജ്ഞാപനത്തോടൊപ്പം നിലിവലുള്ള വ്യവസ്ഥ നിലനിർത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതാണ് എന്നാണ് 21.02.2012 ലെ കമ്മീഷൻ തീരുമാനം. |
| ബി) ഉണ്ടെങ്കിൽ ഈ വിജ്ഞാപനം പുറപ്പെടുവിക്കാൻ ഇനിയും കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) ഇതിന്റെ അടിസ്ഥാനത്തിൽ HSA ഫിസിക്കൽ സയൻസ് ഒഴികെയുള്ള തസ്തികകൾക്കായി 14 ജില്ലകളിലേയ്ക്കും 31.12.12 ലെ ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. അതിൻ പ്രകാരം റാങ്ക് പട്ടികകൾ 2013, 2014 വർഷങ്ങളിൽ നിലവിൽ വന്നു. തുടർന്ന് തസ്തികമാറ്റ നിയമനത്തിനായി ഫിസിക്കൽ സയൻസ് ഒഴികെയുള്ള വിഷയങ്ങളിലേക്ക് മേൽ പറഞ്ഞ റാങ്ക് പട്ടിക നിലവിലിരിക്കെ തന്നെ 13.05.14-ൽ വിജ്ഞാപനം പുറപ്പെടുവിച്ചു. എന്നാൽ 31.12.12 ലെ വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിച്ച റാങ്കു പട്ടികകളിൽ നിന്നും ചില ജില്ലകളിൽ ആർക്കും തന്നെ നിയമന ശിപാർശ നൽകുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായി. നിലവിലെ വ്യവസ്ഥപ്രകാരം ഒരു റാങ്ക് പട്ടികയുടെ സ്വാഭാവിക കാലാവധിയായ മൂന്നു വർഷത്തിനുള്ളിൽ ആരെയും നിയമന ശിപാർശ ചെയ്യാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടായാൽ ലിസ്റ്റിന്റെ കാലാവധി ലിസ്റ്റിൽ നിന്നും ഒരാളെ എങ്കിലും നിയമന ശിപാർശ ചെയ്യുന്നതു വരെ അല്ലെങ്കിൽ 1 വർഷം വരെ (ഏതാണോ ആദ്യം വരുന്നത്) ദീർഘിപ്പിക്കാവുന്നതാണ്. ആയതിനാൽ |

പ്രസ്തുത തസ്തികകളിലേയ്ക്ക് 13.05.14-ൽ പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരമുള്ള തുടർ നടപടികൾ കൈക്കൊള്ളാൻ സാധി ക്കാത്ത സാഹചര്യമാണുള്ളത്.

സി) അഞ്ച് വർഷം സർവ്വീസുള്ളവർക്ക് അപേക്ഷി ക്കാമെന്നിരിക്കെ 10 ഉം 12 ഉം വർഷങ്ങളായി അർഹതയുള്ള ഉദ്യോഗാർത്ഥികൾക്ക് ഒഴിവുകൾ ഉണ്ടായിട്ടും വിജ്ഞാപനം പുറപ്പെടുവിക്കാത്ത-തിനാൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ ബലത്തിലുള്ള പ്രമോഷൻ ആനുകൂല്യം തഴയ പ്പെടുകയല്ലേ ചെയ്യുന്നത്; ഇതു പരിഹരിക്കാൻ നടപടികൾ ഉണ്ടാകുമോ?

(സി) വിദ്യാഭ്യാസ വകുപ്പിൽ വർഷത്തിലൊരിക്കൽ നടത്തുന്ന സ്റ്റാഫ് ഫിക്സേഷൻ പ്രകാരം ഓരോ തസ്തികയിലേയ്ക്കും നിർണ്ണയിക്കപ്പെടുന്ന കേഡർ സ്ട്രെങ്ത്തിന്റെ നിശ്ചിത ശതമാനമാണ് തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി നീക്കിവയ്ക്കുന്നത് എന്നതിനാലും ടി ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് വ്യവസ്ഥയുള്ളതിനാലും അർഹതപ്പെട്ട അനുപാതം നഷ്ടപ്പെടുന്നില്ല.

സെക്ഷൻ ഓഫീസർ